തൊഴിൽ രഹിത അഭ്യസ്തവിദ്യർക്ക് ധനസഹായം നൽകുന്ന പദ്ധതി

747 [1100] ശ്രീ. എം. കെ. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ രഹിതരായ അഭ്യസ്തവിദ്യരെക്കൊണ്ട് സ്വയംഭരണ സ്ഥാപനങ്ങൾ ജോലി ചെയ്യിച്ചപ്പോൾ ഇവരുടെ ഭക്ഷണത്തിനുള്ള ചെലവ് ആര് വഹിക്കുമെന്നാണ് തീരുമാനിച്ചത്;

(ബി) ഈ വിധത്തിൽ ഇവരുടെ ഭക്ഷണത്തിനുള്ള ചെലവ് സ്വയം ഭരണസ്ഥാപനങ്ങൾ വഹിച്ചിട്ടില്ലാത്ത ഏതെങ്കിലും പരാതി ഗവൺമെൻറിനു ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ആയതിൻമേൽ എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അവർ ഏതു വകുപ്പിൻെറ കീഴിലുള്ള ജോലി ചെയ്യുന്നോ ആ വകുപ്പു തന്നെ ഉച്ചഭക്ഷണത്തിനുള്ള ചെലവ് വഹിക്കണമെന്നാണ് തീരുമാനം. ഇതനുസരിച്ച് സ്വയം ഭരണ സ്ഥാപനങ്ങളുടെ ജോലി ചെയ്യുമ്പോൾ ഉച്ച ഭക്ഷണത്തിൻെറ ചെലവ് ബന്ധപ്പെട്ട സ്വയംഭരണ സ്ഥാപനമാണ് വഹിക്കേണ്ടത്.

(ബി) ഉണ്ട്.

(സി) ഉച്ചഭക്ഷണത്തിൻെറ ചെലവ് വഹിക്കാൻ സാമ്പത്തിക ശേഷി ഇല്ലാത്ത പഞ്ചായത്തുകൾക്ക് ഈ പദ്ധതിയുടെ നടത്തിപ്പിനു വേണ്ടി മെയിൻറനൻസ് ഗ്രാൻറ് അഡ്വാൻസ് നൽകാൻ തീരുമാനിച്ചിട്ടുണ്ട്. സാമ്പത്തിക സഹായം ആവശ്യമുള്ള പഞ്ചായത്തുകൾ മെയിൻറനൻസ് ഗ്രാൻറ് അഡ്വാൻസിനു അപേക്ഷിക്കാൻ വേണ്ട നിർദ്ദേശം കൊടുക്കാൻ പഞ്ചായത്തു ഡയറക്ടറോട് ഗവൺമെൻറ് ആവശ്യപ്പെട്ടിട്ടുണ്ട്. ഉച്ചഭക്ഷണം കൊടുക്കാൻ ബുദ്ധിമുട്ടുള്ള സ്ഥലങ്ങളിൽ ഉച്ചസമയം വരെ മാത്രം ജോലി ചെയ്താൽ മതി എന്നും നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ഗൾഫ് മലയാളികൾക്ക് ഭവനനിർമ്മാണ പദ്ധതി

748 [1101] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൾഫ് മലയാളികൾക്ക് കേരളത്തിൽ വീടുകൾ നിർമ്മിക്കുവാനുള്ള പദ്ധതികളുടെ വിശദവിവരങ്ങൾ പറയാമോ;

(ബി) ഗൾഫിലേക്കു പോയിട്ടുള്ള മലയാളികൾ ഏറ്റവുമധികം ആളുകളുടെ പ്രദേശങ്ങളായ തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം, കണ്ണൂർ തുടങ്ങിയ ജില്ലകളിലേക്കു ഈ പദ്ധതി വ്യാപിപ്പിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വിദേശത്തു ജോലി ചെയ്യുന്ന കേരളീയർക്കു വേണ്ടി ഭവനങ്ങൾ നിർമ്മിച്ചു നൽകുന്നതിനുള്ള ഒരു പൈലറ്റ് പ്രോജക്റ്റ് തിരുവനന്തപുരത്തു കെ. ടി. ജേക്കബ് നഗറിൽ, ഭവനനിർമ്മാണ ബോർഡ് ആരംഭിച്ചിട്ടുണ്ട്. ഭൂമിയുടെ വിലയുൾപ്പെടെ 1,10,500 രൂപ മുതൽ 1,43,300 രൂപ വരെ ചെലവു വന്നേയ്ക്കാവുന്ന 6 മാതൃകകളിലുള്ള 20 കെട്ടിടങ്ങളാണ് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്. നിശ്ചിത അപേക്ഷാ ഫോറത്തിനോടൊപ്പം അപേക്ഷകർ 1000 രൂപ നിരതദ്രവ്യം നൽകേണ്ടതാണ്. ഹരിജൻ/ഗിരിജൻ വിഭാഗത്തിൽ പെടുന്നവർക്ക് നിരതദ്രവ്യം 50% അടച്ചാൽ മതിയാകും. അലോട്ട്മെൻറ് ലഭിക്കുന്ന ആറ് 45 ദിവസത്തിനകം വിലയുടെ 50% അടക്കേണ്ടതും ബാക്കി തുക 20%, 15%. 15% വീതമുള്ള മൂന്നുത്രൈമാസ ഗഡുക്കളായി അടച്ചു തീർക്കേണ്ടതുമാണ്. അപേക്ഷിക്കേണ്ട അവസാന തീയതി 15.1.1979 ആയിരുന്നു.

(ബി) ഈ പദ്ധതി മറ്റ് സ്ഥലങ്ങളിലും നടപ്പാക്കുന്നതിന് ഭവനനിർമ്മാണ ബോർഡിന്റെ 1979-80ലെ ബഡ്ജറ്റിൽ വക കൊള്ളിക്കുന്നുണ്ട്.

ഖാദി ബോർഡിലെ ഗ്രഡേഷൻ ലിസ്റ്റ്

749 [1102] ശ്രീ. എൻ. സുബ്രഹ്മണ്യ ഷേണായി:

ശ്രീ. എ. പി. കുര്യൻ:

ശ്രീ. ചടയൻ ഗോവിന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി ബോർഡിലെ ഗ്രഡേഷൻ ലിസ്റ്റ് പൂർത്തീകരിച്ചിട്ടുണ്ടോ?

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ട്?

ഉത്തരം

(എ) ഇല്ല.

(ബി) 11.2.1969-ലെ ഡ്രാഫ്റ്റ് ഫൈനൽ ഗ്രഡേഷൻ ലിസ്റ്റ് തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ലിസ്റ്റിലുള്ള ചില ഉദ്യോഗസ്ഥൻമാരുടെ പരാതിക്കുറിപ്പുകൾ കിട്ടിയത് ബോർഡ് പരിശോധിച്ചു കൊണ്ടിരിക്കുകയാണ്. കൂടാതെ സീനിയോറിറ്റി സംബന്ധിച്ച ചില പ്രശ്നങ്ങൾ ഹൈക്കോടതിയുടെ പരിഗണനയിലുമാണ്.

ഉരുക്ക് വ്യവസായ യൂണിറ്റുകൾ

750 [1103] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഉരുക്ക് വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly